# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2454** **19/03/2015-ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിൽ വർദ്ധിച്ച് വരുന്ന ക്യാൻസർ രോഗികളുടെ എണ്ണം

**ചോദ്യം**
ശ്രീ. ഇ.ചന്ദ്രശേഖരൻ

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായുള്ള മലബാർ ക്യാൻസർ സെന്ററിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | കാസർഗോഡ് ജില്ലയിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് എം.സി.സി.യുടെ ആഭിമുഖ്യത്തിൽ പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ എം.സി.സി.യിൽ 2014-ൽ ആരംഭിച്ച ജനസംഖ്യാധിഷ്ഠിത അർബുദ രോഗ നിവാരണ ശേഖരണം (PBCR) അനുസരിച്ച് 2014-ൽ ഏകദേശം 491 കാൻസർ രോഗികളെ കണ്ടെത്തുകയുണ്ടായി. ആശുപത്രി അധിഷ്ഠിതമായ അർബുദ രേഖ വിവരണ ശേഖരണം (HBCR) പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്നും ചികിത്സ തേടി എം.സി.സി.യിലെത്തിയ രോഗികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>2010 - 168<br>2011 - 238<br>2012 - 376<br>ഇവർക്ക് ഉചിതമായ ചികിത്സ നല്കുവാൻ വേണ്ട നടപടികൾ എം.സി.സി.യിൽ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനെ കുറിച്ച് സമഗ്രമായി പഠനം നടത്തുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | | |
| (സി) | കാസർഗോഡ് ജില്ലയിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ രോഗികൾക്കുള്ള ചികിത്സാസൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ക്യാൻസർ രോഗികൾക്ക് പ്രത്യേകമായി ഒരു ക്യാൻസർ വാർഡും ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്.<br>മലബാർ ക്യാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ക്യാൻസർ ബോധവത്കരണത്തിനും, ക്യാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും, ക്യാമ്പുകളും നടത്തിവരുന്നു. കൂടാതെ ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും, നഴ്സുമാർക്കും ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും, ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു. |
| (ഡി) | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിന്റെ പ്രവർത്തനം എന്നുമുതൽ സക്രിയമാക്കാൻ കഴിയുമെന്നും എന്ന് മുതൽ ജില്ലയിൽ കൂടുതൽ ആശുപത്രികളിൽ ക്യാൻസർ രോഗികൾക്കുള്ള ചികിത്സാസൗകര്യമൊരുക്കുമെന്നും കാരുണ്യ ചികിത്സാസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്ന് സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ